മായ ഹിന്ദുസ്ഥാൻ ലാറ്റക്സിന്റെ 45 ശതമാനം ഓഹരികളും സ്വകാര്യമുതലാളിമാർക്ക് വില്ക്കാൻ തീരുമാനിച്ചതായുള്ള കേന്ദ്ര ഗവണ്മെന്റിന്റെ തീരുമാനം പത്രങ്ങളിൽ വന്നിട്ടുണ്ട്. ഒരു കാവൽ ഗവണ്മെന്റ് രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റ് തുലയ്ക്കുന്ന ഇത്തരം നടപടികൾക്കെതിരെ സംസ്ഥാന ഗവണ്മെന്റ് ശക്തമായ പ്രതിഷേധം അറിയിക്കണമെന്ന് അഭ്യർത്ഥിക്കാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : കേന്ദ്രഗവണ്മെന്റിന്റെ പുനരുദ്ധാരണ സഹായപദ്ധതിയിൽനിന്ന് എൻ.ടി.സി.മില്ലുകളെ ഒഴിവാക്കിയിട്ടുണ്ടെന്ന് അവർ പുറപ്പെടുവിച്ച ആ രേഖയ്ക്ക് അകത്ത് പറയുന്നില്ല. പക്ഷെ, ഇന്ന് ഡൽഹിയിൽ ബന്ധപ്പെട്ടിട്ടും അറിയാൻ കഴിഞ്ഞത് എൻ.ടി.സി.മില്ലുകൾ മോഡെണൈസ് ചെയ്യുന്നില്ലെങ്കിൽ ഈ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുകയില്ലെന്നാണ്. ഏതാണ്ട് ഒഴിവാക്കിയ മട്ടാണ്. ഒരു അസന്നിഗ്ദ്ധാവസ്ഥയാണ് അക്കാര്യത്തിലുള്ളത്. അതുകൊണ്ട് എൻ.ടി.സി.മില്ലുകൾ മോഡെണൈസ് ചെയ്യണമെന്നും അതിനുവേണ്ടി ഈ ഫണ്ടിന്റെ പരിധിയിൽക്കൊണ്ടുവരണമെന്നുള്ള കാര്യം കേന്ദ്രഗവണ്മെന്റിനെ അറിയിക്കുന്നതാണ്. മോഡെണൈസ് ചെയ്യാനുള്ള പണം കേന്ദ്രഗവണ്മെന്റ്തന്നെ കണ്ടെത്തേണ്ടതാണ്. അത് കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടുകൊണ്ടായിരിക്കാം ഒഴിവാക്കുന്നത്. അവർക്ക് പൊതുമേഖലയിൽ പണം മുടക്കുകയെന്നുള്ളതല്ല ഇന്നത്തെ നയം. അതെല്ലാം വിറ്റ് തുലയ്ക്കുകയെന്നുള്ളതാണ്. അതാണ് ഇപ്പോൾ നമ്മുടെ ഹിന്ദുസ്ഥാൻ ലാറ്റക്സിന്റേയും പ്രശ്നം. ഹിന്ദുസ്ഥാൻ ലാറ്റക്സിന്റെ കാര്യത്തിൽ വളരെ ശക്തമായ പ്രതിഷേധം അറിയിക്കുകയും ഒരിക്കലും ഡിസ്ഇൻവെസ്റ്റ്മെന്റ് ചെയ്യാൻ പാടില്ലെന്ന് നമ്മൾ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്. എൻ.ടി.സി.മില്ല് മോഡെണൈസ് ചെയ്യുന്ന കാര്യത്തിൽ അടിയന്തിരനടപടി എടുക്കുന്നതും അതിനെ സഹായ പദ്ധതിയിൽനിന്നൊഴിവാക്കുന്നതിൽ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തുന്നതും ഈ മില്ലിനെക്കൂടി പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതിന് സമ്മർദ്ദം ചെലുത്താൻ പരിശ്രമിക്കുന്നതുമാണ്.

മി. സ്പീക്കർ : ഹിന്ദുസ്ഥാൻ ലാറ്റക്സിന്റെ ഡിസ്ഇൻവെസ്റ്റ്മെന്റ് ഇപ്പോൾ തീരുമാനിച്ച് വന്നിരിക്കുകയാണല്ലോ.

ശ്രീമതി സുശീലാ ഗോപാലൻ : നമ്മൾ ശക്തിയായി പ്രതിഷേധിച്ചു. അത് ചെയ്യാൻ പാടില്ലെന്ന് പറഞ്ഞതാണ്. പക്ഷെ, ഇപ്പോൾ വന്നിരിക്കുന്ന വിവരം ഡിസ്ഇൻവെസ്റ്റ് ചെയ്യാൻ തീരുമാനിച്ചു എന്നാണ്. അത് അവരുടെ പൊതുനയത്തിന്റെ ഭാഗമാണ്. ജനങ്ങൾ ശക്തിയായി പ്രതിഷേധിക്കുകയും ഇതിനെതിരായിട്ടുള്ള മൂവ്മെന്റ് ഉണ്ടാക്കുകയും മാത്രമാണ് ഇതിനെ പരാജയപ്പെടുത്താനുള്ള വലിയ മാർഗ്ഗം.

(8) ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീമിന്റെ ട്രീറ്റ്മെന്റ് പ്ലാന്റിന് സ്ഥലം അനുവദിച്ചത് സംബന്ധിച്ച്.

ശ്രീ. കെ.സി. ജോസഫ് : എന്റെ നിയോജകമണ്ഡലത്തിലെ ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീമിന്റെ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനായി തളിപ്പറമ്പ് താലൂക്കിലെ ഗോപികുമാർ എസ്റ്റേറ്റിലെ മിച്ചഭൂമിയിൽനിന്ന് 1.65 ഹെക്ടർ സ്ഥലം വിലയ്ക്ക് എടുക്കാൻ ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ക്യാബിനറ്റ് തീരുമാനിച്ചിരുന്നു. അന്ന് ഹൈക്കോടതിയിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

കേസ്സ് ഉണ്ടായിരുന്നു. കഴിഞ്ഞ സഭയിൽ അങ്ങ് പറഞ്ഞത് മേല്പ്പറഞ്ഞ കേസ്സിന്റെ വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി കൈമാറാനുള്ള നടപടി കൈക്കൊള്ളുന്നതാണെന്നാണ്. ഈ വാട്ടർ സപ്ലൈ സ്കീമിന്റെ എല്ലാ പണികളും പൂർത്തിയായിരിക്കുകയാണ്. ഈ സ്ഥലം കിട്ടിയാൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ സാധിക്കും. അതിനാവശ്യമായ വില വാട്ടർ അതോറിറ്റി അടച്ചു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ദയവായി ഇക്കാര്യത്തിൽ അങ്ങ് പ്രത്യേകമായ താല്പര്യമെടുത്ത് ഈ സ്ഥലം നൽകാനുള്ള നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : എല്ലാ തർക്കങ്ങളും തീർത്തു. സ്ഥലം കൊടുക്കാൻ പോവുകയാണ്. ഗോപികുമാർ എസ്റ്റേറ്റിലെ മിച്ചഭൂമിയിൽനിന്ന് 1.65 ഹെക്ടർ സ്ഥലം ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീമിനു വേണ്ടി വാട്ടർ അതോറിറ്റിക്ക് കൈമാറാൻ ഉത്തരവായതാണ്. എന്നാൽ പ്രസ്തുത മിച്ചഭൂമി സംബന്ധമായി ഭൂവുടമ ഫയൽ ചെയ്തിരുന്ന ഒരു കേസ്സ് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ നിലവിലുണ്ടായിരുന്നു. ഈ കേസ്സിൽ ഹൈക്കോടതി സ്റ്റേ ഉത്തരവൊന്നും നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥലം വാട്ടർ അതോറിറ്റിക്ക് കൈമാറണമെന്ന് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിയുന്നതുംവേഗം സ്ഥലം കൈമാറ്റം ചെയ്ത് ഗവണ്മെന്റിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(9) നീതിസ്റ്റോർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : നമ്മുടെ സംസ്ഥാനത്തെ പൊതുവിതരണ രംഗത്ത് ക്രിയാത്മകമായിട്ടുള്ള ചലനമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞ നീതിസ്റ്റോറുകളിലെ സെയിൽസ്മാൻമാരുടെ സേവന-വേതന വ്യവസ്ഥകളുടെ അപാകതയും നിത്യജീവിതത്തിൽ അവർ അനുഭവിക്കുന്ന ദുരിതങ്ങളും ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. തുടക്കത്തിൽ നീതിസ്റ്റോറിനു രണ്ടുപേർ എന്ന നിലയിൽ ആയിരത്തോളം വരുന്ന നീതിസ്റ്റോറുകളിൽ രണ്ടായിരത്തോളം ജീവനക്കാരെ നിയമിക്കുകയുണ്ടായി. തൊഴിൽരഹിതരായിട്ടുള്ള ചെറുപ്പക്കാരായതുകൊണ്ട് അവർ കമ്മിഷൻ വ്യവസ്ഥയിൽ ജോലി ചെയ്യാൻ മുന്നോട്ടുവന്നു. സംരംഭം തുടങ്ങി രണ്ടുവർഷമായെങ്കിലും ഈ കമ്മീഷൻ വ്യവസ്ഥയിൽനിന്ന് അവരെ മോചിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഏതാണ് 75 ശതമാനത്തോളം നീതിസ്റ്റോറുകളിലും കമ്മീഷൻ വ്യവസ്ഥയിലാണ് സെയിൽസ്മാൻമാർ ജോലി ചെയ്യുന്നത്. ബഹുഭൂരിപക്ഷം പേർക്കും പ്രതിമാസം 300 രൂപവരെയാണ് കിട്ടുന്നത്. ചിലപ്പോൾ അതുപോലും കിട്ടാറില്ല. സ്റ്റോക്ക് വെരിഫിക്കേഷൻ സമയമാകുമ്പോഴേക്കും അവരുടേതല്ലാത്ത കുറ്റംകൊണ്ട് പ്രതിഫലത്തുകയും അതിലധികവും തിരിച്ചടയ്ക്കേണ്ട സ്ഥിതിയുമുണ്ട്. ഷോർട്ടേജ് എന്ന കടക്കെണി നീതിസ്റ്റോറിലെ അൽപ്പവരുമാനക്കാരന്റെ കഴുത്തൊടിക്കുകയാണ്. ഉന്നതവിദ്യാഭ്യാസം ലഭിച്ചതാണ് ഇവരിൽ പലതും. ഈ ജോലിയിൽനിന്നു ലഭിക്കുന്ന വരുമാനം കൊണ്ട് കുടുംബം പുലർത്താമെന്ന ആഗ്രഹത്തോടെ വിവാഹിതരായിട്ടുള്ള ആളുകൾപോലും ഇതിനകത്ത് ഉണ്ട്. അവരുടെ ജോലിസമയമാകട്ടെ രാവിലെ 8 മണി മുതൽ രാത്രി എട്ടു മണിവരെയാണ്. വിശ്രമമില്ലാതെ ജോലി ചെയ്യുന്നവരാണ്. ഗാർഹികവും സാമൂഹികവുമായിട്ടുള്ള ബന്ധങ്ങൾവരെ അവർക്ക് ഉപേക്ഷിക്കേണ്ടിവരികയാണ്. ഈ നീതിസ്റ്റോറിൽ പണിയെടുക്കുന്ന ജീവനക്കാരുടെ മാനസികമായ പ്രശ്നം ഗവണ്മെന്റ് ഗൗരവത്തോടുകൂടി പരിഗണിക്ക

LIBRARY ARCHIVES Kerala Legislative Assembly